# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3852

19.02.2013ൽ മറുപടി

### ഹോം ഗാർഡുകളുടെ സേവനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ആഭ്യന്തര സുരക്ഷ ശക്തിപ്പെടുത്തുന്നതിന് ഹോം ഗാർഡുകളുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ടോ; വിശദാംശം നൽകാമോ; | : (എ) ഉണ്ട് ; പോലീസ് വകുപ്പിൽ ട്രാഫിക് ഡ്യൂട്ടിയിലും, ഉത്സവം, മറ്റ് ആഘോഷങ്ങൾ, ബന്തവസ്സ് ഡ്യൂട്ടി, മെസെഞ്ചർ ജോലി എന്നിവയ്ക്ക്, പോലീസിനെ സഹായിക്കുന്നതിന് ഹോംഗാർഡ്സിനെ നിയോഗിക്കുന്നു. അഗ്നിരക്ഷാസേവന വകുപ്പിൽ രക്ഷാപ്രവർത്തനങ്ങൾക്കും മെസെഞ്ചർ ജോലിയ്ക്കും സ്റ്റാൻഡ്ബൈ ഡ്യൂട്ടിയ്ക്കും ഹോം ഗാർഡുകളുടെ സേവനം ഉപയോഗിക്കുന്നുണ്ട്. |
| (ബി) ഉണ്ടെങ്കിൽ, സംസ്ഥാനത്ത് ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ഹോംഗാർഡുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | : (ബി) |

| | |
|---|---|
| തിരുവനന്തപുരം | 368 |
| കൊല്ലം | 178 |
| ആലപ്പുഴ | 200 |
| പത്തനംതിട്ട | 85 |
| കോട്ടയം | 200 |
| എറണാകുളം | 390 |
| കണ്ണൂർ | 192 |
| മലപ്പുറം | 200 |
| കോഴിക്കോട് | 390 |
| വയനാട് | 99 |
| ഇടുക്കി | 95 |
| തൃശ്ശൂർ | 199 |
| പാലക്കാട് | 197 |
| കാസർഗോഡ് | 100 |
| ആകെ | 2893 |

(മറുപുറം)

| | |
|---|---|
| (സി) ഇത്തരത്തിൽ ഹോം ഗാർഡുകളെ നിയമിക്കുന്നതിന് എന്തെല്ലാം യോഗ്യതകൾ പരിഗണിക്കുന്നുണ്ട്; വിശദാംശം നൽകുമോ; | : (സി) യോഗ്യതകൾ:<br>1. ആർമി, നേവി, എയർഫോഴ്സ്, ബി.എസ്.എഫ്., സി.ആർ.പി.എഫ്, സി.ഐ.എസ്.എഫ്., എൻ.എസ്.ജി., എസ്.എസ്.ബി., ആസ്സാം റൈഫിൾസ് തുടങ്ങിയ സൈനിക/ അർദ്ധ സൈനിക വിഭാഗങ്ങളിൽ നിന്നും, കേരള പോലീസ്, ഫയർ & റെസ്ക്യൂ സർവ്വീസസ്, ഫോറസ്റ്റ്, ജയിൽ, എക്സൈസ് എന്നീ വകുപ്പുകളിൽ നിന്നും സേനാംഗങ്ങളായി വിരമിച്ചവരെയും.<br>2. പ്രസ്തുത വിഭാഗത്തിൽ 35-നും 58-നും ഇടയിൽ പ്രായമുള്ളവരെയും.<br>3. എസ്.എസ്.എൽ.സി.പാസ്സായവരെയും (എസ്.എസ്.എൽ.സി. പാസ്സായവരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി.പാസ്സാകാത്തവരെയും)<br>4. നല്ല ശാരീരിക യോഗ്യതയുള്ളവരെയും പരിഗണിക്കുന്നുണ്ട്. |
| (ഡി ) ഇവർക്ക് നിർബന്ധമാക്കിയിട്ടുള്ള യൂണിഫോം സംവിധാനം എന്തെല്ലാമാണ്; | : (ഡി)<br>1. ഷർട്ട് ഹാഫ് സ്ലീവ് — കാക്കി<br>2. പാന്റ്സ് — കാക്കി<br>3. വെബ് ബെൽ — കാക്കി<br>4. സോക്ക്സ് — കാക്കി<br>5. ഷൂസ് — ബ്ലാക്ക്<br>6. ബെറെറ്റ് ക്യാപ്പ് — നേവി ബ്ലൂ<br>7. ക്യാപ്പ് ബാഡ്ജ് — 8 പോയിന്റഡ് സ്റ്റാർ<br>8. ലാൻയാർഡ് — ബ്ലൂ<br>9. ഷോൾഡർ ബാഡ്ജ് — കെ.എച്ച്.ജി.<br>10. വിസിൽ |
| (ഇ )ഹോം ഗാർഡുകളുടെ വേതന വ്യവസ്ഥയെക്കുറിച്ചുള്ള വിശദാംശം നൽകുമോ? | : (ഇ) ജോലി ചെയ്യുന്ന ദിവസം പ്രതിദിനം സ്റ്റൈപന്റായി 350/-രൂപ നൽകുന്നു. കൂടാതെ നിയമനം ലഭിക്കുന്ന സമയത്ത് യൂണിഫോം അലവൻസായി 3000/-രൂപയും നൽകുന്നു. |

സെക്ഷൻ ഓഫീസർ